3720
20/2/18

കേരള സർക്കാർ

**സംഗ്രഹം**

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് - പ്രമുഖ/അവശ പത്രപ്രവർത്തക പെൻഷൻ തുക വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (സി) വകുപ്പ്**

**സ.ഉ.(എം.എസ്) നം.02/2018/ഐ & പി ആർ ഡി** **തീയതി, തിരുവനന്തപുരം19.02.2018**

=====================================================================

പരാമർശം :- 1. സ,ഉ(പി) നം.07/93/പി.ആർ തീയതി 16.08.1993
2. സ.ഉ.(എം.എസ്) നം..07/12/ഐ & പി ആർ ഡി തീയതി 27.12.2012
3. സ.ഉ.(എം.എസ്) നം..01/16/ഐ & പി ആർ ഡി തീയതി 16.01.2016
4. 2017-2018 ലെ ബഡ്ജറ്റ് പ്രഖ്യാപനം

**ഉത്തരവ്**

പരാമർശം(1)ലെ സർക്കാർ ഉത്തരവ് പ്രകാരം നിലവിലുള്ള പത്രപ്രവർത്തക ക്ഷേമപദ്ധതിയിൽ അംഗത്വമെടുത്തിട്ടില്ലാത്ത അവശ പത്രപ്രവർത്തക പെൻഷണർമാർക്ക് പരാമർശം (2)ലെ ഉത്തരവ് പ്രകാരം 01.04.2012 മുതൽ 2000/- രൂപയും, പ്രമുഖ പത്രപ്രവർത്തക പെൻഷണർമാർക്ക് പരാമർശം (3) ലെ ഉത്തരവ് പ്രകാരം 01.01.2016 മുതൽ 8000/- രൂപയും വീതമാണ് പെൻഷൻ ഇനത്തിൽ നൽകി വരുന്നത്.

2017-18 ലെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ, പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗത്വമെടുത്തിട്ടില്ലാത്ത പത്രപ്രവർത്തകരുടെ പെൻഷനിൽ 1000/- രൂപയുടെ വർദ്ധനവ് വരുത്തുന്നതായി പ്രസ്താവിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗത്വമെടുത്തിട്ടില്ലാത്ത പ്രഗത്ഭ പത്രപ്രവർത്തകരുടെ പെൻഷൻ(Eminent Journalist Pension) തുക 9000/- രൂപയായും(ഒൻപതിനായിരം രൂപ മാത്രം), അവശ പത്രപ്രവർത്തകരുടെ പെൻഷൻ(Distress Journalist Pension) തുക 3000/- രൂപയായും(മൂവായിരം രൂപമാത്രം) വർദ്ധിപ്പിച്ച കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ വർദ്ധനവിന് 01.04.2017 മുതൽ മുൻകാല പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ.വി
ഡെപ്യൂട്ടി സെക്രട്ടറി

1) എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും
2) എല്ലാ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
3) ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
4) ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (ബി) വകുപ്പ്
5) ധനകാര്യ(Exp.B) വകുപ്പ്
7) അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
8) എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും
9) കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Sreekala.T.P

സെക്ഷൻ ഓഫീസർ